പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5357 15.11.2019-ലെ മറുപടിക്ക്

# കോതമംഗലം ഡിപ്പോയിലെ കെ എസ് ആർ ടി സി ബസ്സ് സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോതമംഗലം ഡിപ്പോയിൽ നിന്നും നിലവിൽ എത്ര കെ എസ് ആർ ടി സി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കോതമംഗലം ഡിപ്പോയിൽ 48 ആർ.ടി.സി ബസ്സുകളും, 13 ജൻറം ബസ്സുകളും അനുവദിച്ചു നൽകിയിട്ടുണ്ട്. 53 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പ്രതിദിനം ശരാശരി 46 സർവ്വീസുകൾ നടത്തി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബസ്സുകൾ പുതുതായി കോതമംഗലം കെ എസ് ആർ ടി സി ഡിപ്പോയിൽ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോതമംഗലം ഡിപ്പോയ്ക്ക് 5 ആർ.ടി.സി ബസ്സുകളും, 4 ജൻറം ബസ്സുകളും പുതുതായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഹൈറേഞ്ചിന്റെ കവാടവും ഏറെ തീർത്ഥാടകരുമുള്ള കോതമംഗലത്ത് നിന്നും വേളാങ്കണ്ണിയിലേക്കും പഴനിയിലേക്കും പുതിയ ബസ്സ് റൂട്ട് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും (ഇ) യും | അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. തമിഴ്നാടുമായി നിലവിലുള്ള കരാർ പ്രകാരം കോതമംഗലത്ത് നിന്നും വേളാങ്കണ്ണി, പഴനി എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. എന്നാൽ തിരുവനന്തപുരത്ത് നിന്നും പഴനിയിലേയ്ക്ക് പുതുതായി ആരംഭിച്ചിരിക്കുന്ന സർവ്വീസ് കോതമംഗലം വഴിയാണ് ക്രമീകരിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ; | | |
| (ഇ) | ഏറെ തീർത്ഥാടകരുള്ള പ്രദേശമായ കോതമംഗലത്ത് നിന്നും വേളാങ്കണ്ണിയിലേക്കും പഴനിയിലേക്കും ദീർഘദൂര സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ